**പതിനാലാം കേരള നിയമസഭ**
**നാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**നിയമസഭാ ചോദ്യം നം.1436**

**02/03/2017 ൽ**
**മറുപടിയ്ക്ക്**

## കാഷ്യൂ കോർപ്പറേഷന്റെയും കാപെക്സിന്റെയും അധീനതയിലുള്ള ഫാക്ടറികൾ

**ചോദ്യം**
**ശ്രീ.എ.പി.അനിൽ കുമാർ**
**ശ്രീ.ഷാഫി പറമ്പിൽ**
**ശ്രീ.അനിൽ അക്കര**
**ശ്രീ.വി.ഡി.സതീശൻ**

**ഉത്തരം**
**ശ്രീമതി.ജെ.മെഴ്സിക്കുട്ടി അമ്മ**
**(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | കാഷ്യൂ കോർപ്പറേഷന്റെയും കാപെക്സിന്റെയും അധീനതയിലുള്ള ഫാക്ടറികളിൽ നിലവിൽ പ്രവർത്തനം നടക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ എന്നു മുതലാണെന്ന് വ്യക്തമാക്കുമോ ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഓണത്തിന് മുമ്പ് തുറന്നു പ്രവർത്തനമാരംഭിച്ച കാഷ്യൂ കോർപ്പറേഷന്റേയും കാപെക്സിന്റേയും ഫാക്ടറികൾ ടെന്റർ മുഖേന തോട്ടണ്ടി ലഭ്യമാകാത്തതിനെ തുടർന്ന് കാപെക്സ് 2016 ഡിസംബർ 6 മുതലും കാഷ്യൂ കോർപ്പറേഷൻ ഫാക്ടറികൾ 2017 ജനുവരി 20 മുതലും പ്രവർത്തനം താല്ക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്. |
| (ബി) | പ്രസ്തുത ഫാക്ടറികൾ ഒരു ദിവസം പ്രവർത്തിപ്പിക്കുവാൻ എത്ര മെട്രിക് ടൺ തോട്ടണ്ടി ആവശ്യമുണ്ട് ; കോർപ്പറേഷന്റെയും കാപെക്സിന്റെയും കൈവശം ഇപ്പോൾ എത്ര സ്റ്റോക്കുണ്ട് ; | (ബി) | കശുവണ്ടി വികസന കോർപ്പറേഷന്റെ ഫാക്ടറികൾ ഒരു ദിവസം പ്രവർത്തിക്കുന്നതിനായി 100 മെട്രിക് ടൺ തോട്ടണ്ടി ആവശ്യമാണ്. ഇ-ടെണ്ടർ മുഖേന 1000 മെട്രിക് ടൺ ടാൻസാനിയൻ (CDJKL) ഒറിജിൻ തോട്ടണ്ടി വാങ്ങുന്നതിന് കരാർ ഉറപ്പിച്ചിട്ടുള്ളതാണ്. ഇതിനു പുറമേ കൃഷി വകുപ്പിന്റേയും പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റേയും കീഴിലുള്ള കേരള ഫാമിംഗ് കോർപ്പറേഷൻ, പ്ലാന്റേഷൻ കോർപ്പറേഷൻ കേരള ലിമിറ്റഡ്, |

| | | | |
|---|---|---|---|
| | | | ഓയിൽപാം ഇന്ത്യ ലിമിറ്റഡ്, ആറളം ഫാം, കോട്ടകാൽ, സി.പി.ഒ, ആജൂർ, ഗാളിമുഖ എന്നീ ഫാമുകളിൽ നിന്നും നാളിതുവരെ ഏകദേശം 40 മെട്രിക് ടൺ തോട്ടണ്ടി കൂടി കോർപ്പറേഷൻ സംഭരിച്ചിട്ടുണ്ട്. കാപെക്സിന് ഒരു ദിവസത്തേക്ക് 40 MT തോട്ടണ്ടി ആവശ്യമുണ്ട്. 27/02/2017 ലെ കണക്കനുസരിച്ച് 23/02/2017 ൽ ആറളം ഫാമിൽ നിന്നും ലഭിച്ച 14 MTs നാടൻ തോട്ടണ്ടിയും, 27/02/2017 ൽ ലഭിച്ച 350 MTsTanzanian Import തോട്ടണ്ടിയും ഉൾപ്പെടെ 364 MTs തോട്ടണ്ടിയും കാപെക്സിൽ സ്റ്റോക്കുണ്ട്. |
| (സി) | ഇത് സംബന്ധിച്ച് ഇടതുമുന്നണിയുടെ പ്രകടന പത്രികയിൽ നൽകിയ വാഗ്ദാനം പൂർണ്ണമായും പാലിക്കുവാൻ കഴിഞ്ഞോ ; ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തായിരുന്നുവെന്ന് അറിയിക്കുമോ ? | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 2015 സെപ്റ്റംബർ മുതൽ അടഞ്ഞു കിടന്നിരുന്ന കാഷ്യൂ കോർപ്പറേഷൻ ഫാക്ടറികൾ 17/08/2016 തീയതി മുതൽ തുറന്ന് പ്രവർത്തനം ആരംഭിച്ചിട്ടുള്ളതാണ്. കാപെക്സിന്റെ ഫാക്ടറികൾ ഓണത്തിനു മുൻപ് 22/08/2016 മുതൽ പ്രവർത്തനം ആരംഭിച്ചു. തോട്ടണ്ടി ലഭ്യമല്ലാത്തതിനാൽ കാപെക്സ് ഫാക്ടറികൾ 2016 ഡിസംബർ 6 മുതലും കോർപ്പറേഷൻ ഫാക്ടറികൾ 2017 ജനുവരി 20 മുതലും തുറന്നു പ്രവർത്തിക്കുന്നില്ല. തോട്ടണ്ടി ലഭ്യമാക്കി ഫാക്ടറികൾ വീണ്ടും തുറന്നു പ്രവർത്തിപ്പിക്കുന്നതിനായി സർക്കാർ നടപടികളെടുത്തു വരുന്നു. |

സെക്ഷൻ ഓഫീസർ